പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1641 — 04.12.2015 ലെ മറുപടിയ്ക്ക്

**കർഷക ആത്മഹത്യകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കർഷക ആത്മഹത്യകൾ ഉണ്ടായി എന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (ബി) | കർഷക ആത്മഹത്യ തടയുന്നതിനും കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

- നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്.
- നാളികേര കർഷകരെ വിലയിടിവിൽ നിന്ന് രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.
- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽ നിന്നും ഹോർട്ടിക്കോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്.
- സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.
- കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ യഥാസമയം വാണിജ്യ ബാങ്കുകളിൽ നിന്നും ലഭിക്കുന്നതിന് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നുണ്ട്.
- പ്രകൃതിക്ഷോഭം മൂലം കൃഷിനാശം ഉണ്ടാകുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നുണ്ട്.
- 60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് കർഷക പെൻഷൻ നൽകുന്നുണ്ട്.
- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കി വരുന്നു.

രജിസ്റ്റർ ചെയ്ത എല്ലാ കർഷകർക്കും വിവിധ കാർഷിക വികസന പദ്ധതികളിൽ അനുവദിക്കുന്ന ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുകൾ വഴി നൽകുന്നതാണ്.

- സംസ്ഥാന കൃഷി വകുപ്പും ത്രിതല പഞ്ചായത്തും നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും സമയബന്ധിതമായി സാമ്പത്തിക സഹായം നൽകി വരുന്നു.
- കീടരോഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സമയബന്ധിതമായ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കൂടാതെ 2011-12- ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് വിവിധ പരിഹാര നടപടികൾ പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ സ്വീകരിച്ചിരുന്നു.

Swapna

**സെക്ഷൻ ഓഫീസർ**